**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6281** **10-07-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ തീരദേശമേഖലയിലെ കടലാക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശമേഖലയിൽ 2022 മുതൽ നാളിതുവരെ ഉണ്ടായിട്ടുള്ള രൂക്ഷമായ കടലാക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം നൽകാമോ; | (എ) | ചാവക്കാട് പരിധിയിൽ മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി പഞ്ചായത്തിന്റെ തീരദേശ മേഖലയായ CP (Control Point) 1349 മുതൽ CP 1368 വരെ മൺസൂൺ കാലയളവിൽ രൂക്ഷമായ കടലാക്രമണവും തീരശോഷണവും സംഭവിക്കുന്നുണ്ട്. എല്ലാ വർഷവും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കടലാക്രമണം മൂലം തീരശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ തീരദേശത്ത് വീടുകളുടെ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. തെങ്ങുകളും കാറ്റാടി മരങ്ങളും കടപുഴകി വീണിട്ടുണ്ട്. CP 1355 മുതൽ CP 1369 വരെയുള്ള തീരപ്രദേശത്ത് തീര സംരക്ഷണത്തിനായി നിർമ്മിച്ച കടൽഭിത്തി തകർന്ന് കിടക്കുകയാണ്. 2022 ജൂലൈ മാസത്തിൽ തകർന്നു കിടക്കുന്ന ഈ കടൽഭിത്തിക്കു മുകളിലൂടെ തിരമാലകൾ ആഞ്ഞടിച്ച് CP 1356 നും CP 1357 നുമിടയിലുള്ള ബീച്ച് റോഡിന്റെ ഒരു ഭാഗം തകർന്നിരുന്നു. 2022 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലും ഈ പ്രദേശത്ത് തീവ്രമായ കടലാക്രമണം ഉണ്ടായിട്ടുണ്ട്.<br><br>2023 ജൂൺ മാസത്തിൽ ഈ പ്രദേശത്ത് തീവ്രമായ കടലാക്രമണത്തിൽ 10 മുതൽ 15 മീറ്റർ വരെ കടൽ കയറിയിട്ടുണ്ട്. 2024 ജൂൺ മാസത്തിൽ വാടാനപ്പിള്ളി പഞ്ചായത്തിന്റെ തീരപ്രദേശത്ത് തീവ്രമായ കടലാക്രമണം നടന്നിട്ടുണ്ട്. ഇവിടെ CP 1355 നും CP 1357 നും ഇടയിൽ 25 മീറ്ററോളം കര ഒലിച്ചുപോവുകയും CP 1356 നും CP 1357 നുമിടയിലെ അവശേഷിച്ചിരുന്ന ബീച്ച് റോഡിന്റെ 10 മീറ്ററോളം ഭാഗം പൂർണ്ണമായും തകരുകയം ചെയ്തിട്ടുണ്ട്. 4 തെങ്ങുകൾ കടപുഴകി വീഴുകയും 5 -ഓളം വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിൽ കടലാക്രമണം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത സ്ഥലത്ത് 7.80 ലക്ഷം രൂപയുടെ NC-urgent protection work to the sea coast using rubble mount for a length of 100m from 60m north of |

| | | | |
|---|---|---|---|
| | | | CP1355 towards north in Vadanappalli gramapanchayath എന്ന പ്രവൃത്തി ആരംഭിക്കുകയും, എന്നാൽ രൂക്ഷമായ കടലാക്രമണത്തിൽ പ്രവൃത്തി സ്ഥലത്തേക്കുള്ള റോഡ് പൂർണ്ണമായും നശിച്ചതിനാൽ സ്ഥലത്തേക്ക് എത്തിച്ചേരുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും കഴിയാത്ത സാഹചര്യത്തിൽ പ്രവൃത്തി ഫോർക്ലോസ് ചെയ്യുകയും ചെയ്തു.<br><br>വാടാനപ്പള്ളി പഞ്ചായത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനു താഴെ പറയുന്ന പ്രവൃത്തികളുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>1.ASE – Reformation of damaged seawall for a length of 270m North of CP 1354 in Vatanappilly Panchayath – 318 Lakhs<br><br>2.Construction of Seawall 450m length to south of 1357 in Vadanappilly Grama Panchayath in Thrissur District – 631 Lakhs<br><br>ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും പരിഗണിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ